## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 275 — 12-10-2011 ൽ മറുപടിയ്ക്ക്

# നെൽ ഉല്പാദന മേഖലയുടെ സമഗ്രവികസനം

**ചോദ്യം**
ശ്രീ.രമേശ് ചെന്നിത്തല
ശ്രീ.റ്റി.എൻ.പ്രതാപൻ
ശ്രീ.വി.ഡി.സതീശൻ
ശ്രീ.സി.പി.മുഹമ്മദ്

**മറുപടി**
ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ നെല്ലുത്പാദനം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(എ) സംസ്ഥാനത്തെ നെല്ലുത്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന ഭക്ഷ്യസുരക്ഷ പദ്ധതി, സുസ്ഥിര നെൽകൃഷി വികസന പദ്ധതി, മാക്രോ മാനേജ്മെന്റ് പ്രകാരമുള്ള നെൽകൃഷി വികസന പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി, രജിസ്റ്റേർഡ് വിത്ത് ഉൽപ്പാദന പദ്ധതി, നെല്ലു സംഭരണം, ചെറുകിട യന്ത്ര വിതരണ പദ്ധതി, നെൽകൃഷിയ്ക്കുള്ള ഉത്പ്പാദന ബോണസ്സ്, കാർഷിക വൈദ്യുതി സൗജന്യ പദ്ധതി, ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, സമഗ്ര നെൽകൃഷി ഇൻഷ്വറൻസ് പദ്ധതി, കിസാൻ അഭിമാൻ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം കര നെൽകൃഷി, വനിതാ ഗ്രൂപ്പുകൾക്കുള്ള തരിശുനില കൃഷി, പൊതുഞാറ്റടി, വടക്കാഞ്ചേരി മോഡൽ പദ്ധതി, സുഗന്ധ നെല്ലിന വികസന പദ്ധതി, കാർഷിക യന്ത്രവൽക്കരണം എന്നിവയും, സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം ഗ്രൂപ്പ് ഫാമിംഗ്, തരിശുനിലകൃഷി, നെൽക്കൃഷി വിളകൃഷിയിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി എന്നിവയും മാക്രോ മാനേജ്മെന്റ് പദ്ധതി പ്രകാരം ഒറ്റഞാർ കൃഷി ഡെമോൺസ്ട്രേഷൻ, പുതിയ സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കുന്ന

തിനുള്ള ഡെമോൺസ്ട്രേഷൻ, ഉല്പാദന ഉപാധികളായ വിത്ത്, കുമ്മായം, മൈക്രോന്യൂട്രിയന്റ് ഫെർട്ടിലൈസർ, സസ്യസംരക്ഷണ ഉപാധികൾ എന്നിവയുടെ വിതരണവും നൂതന നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള മിനികിറ്റ് വിതരണവും കർഷകരുടെ കൃഷി വിജ്ഞാനം വർദ്ധിപ്പിക്കുന്ന തിനുള്ള ഫാം ഫീൽഡ് സ്ക്കൂളുകളും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷിയ്ക്കും അടിസ്ഥാന സൗകര്യ വികസനത്തിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| (ബി) | നെൽകർഷകർക്ക് വിത്ത്, വളം, സാങ്കേതിക സഹായ ങ്ങൾ, വായ്പ എന്നിവ യഥാസമയം ലഭിക്കാത്തതു കൊണ്ടും തൊഴിലാളികളുടെ സേവനം ആവശ്യാനു സരണം ലഭ്യമാകാത്തതി നാലും നേരിടുന്ന ബുദ്ധി മുട്ടുകൾ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദ മാക്കാമോ; | (ബി) | നെൽകർഷകർക്ക് വിത്ത്, വളം തുടങ്ങിയ സാങ്കേതിക സഹായങ്ങൾ വിവിധ സംസ്ഥാന, കേന്ദ്ര തദ്ദേശ ഭരണ സ്ഥാപന പ്രോജക്ടുകളിലൂടെ കൃഷിഭവനുകൾ വഴി യഥാസമയം ലഭ്യമാക്കുന്നു .ഓരോ വിളയ്ക്കും വേണ്ട പലിശരഹിതവായ്പ സൗകര്യം സംസ്ഥാന സഹകരണ വകുപ്പ് വഴി നടപ്പിലാക്കുന്നു. തൊഴിലാളികളുടെ സേവനം ആവശ്യാനുസരണം ലഭിക്കാത്തതിനുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി കർഷകർക്ക് സഹായ നിരക്കിൽ ത്രഷർ, ഹാർവെസ്റ്റർ, മെതിയന്ത്രം, പമ്പ്സെറ്റ്, സസ്യസംരക്ഷണ ഉപകരണങ്ങൾ എന്നിവ നൽകുന്നതിനായി വിഭാവനം ചെയ്തിരിക്കുന്നു. ഇതിലേക്കായി സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം 150 ലക്ഷം രൂപയും സംസ്ഥാന പദ്ധതി പ്രകാരം 100 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 20 ലക്ഷം രൂപയും 2011-2012 വർഷത്തേക്കായി നീക്കി വച്ചിട്ടുണ്ട്. ഗുണമേന്മയുള്ള നെൽവിത്ത് വിതരണം നടത്തുന്നതിനായി തൃശ്ശൂർ കേന്ദ്രമായി സംസ്ഥാന വിത്ത് വികസന അതോറിറ്റി പ്രവർത്തിച്ചു വരുന്നു.<br>വളത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്ന തിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുവദിച്ചുകിട്ടിയ രാസവളം അംഗീകൃത ഡിപ്പോകൾ വഴിയുള്ള |

വിതരണത്തിന് കൃഷിവകുപ്പ് മേൽനോട്ടം വഹിച്ചുവരുന്നു.

നെൽകർഷകർക്ക് നെൽകൃഷിക്കായി പലിശ രഹിത വായ്പ വിതരണം ചെയ്യുന്നു. അർഹരായ മുഴുവൻ നെൽ കർഷകർക്കും വായ്പ നൽകുന്നതിനും, കർഷകർ എടുത്തിട്ടുള്ള വായ്പകൾ തിരിച്ചടപ്പിക്കുന്നതിനും, വീണ്ടും വായ്പ നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സംഘങ്ങൾ/ ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് സംഘം തലത്തിൽ കൃഷി ആഫീസർ, സംഘം/ബാങ്ക് ഭരണസമിതി അംഗങ്ങൾ, സഹകരണസംഘം ഇൻസ്പെക്ടർ എന്നിവരടങ്ങിയ മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിച്ച് പദ്ധതി നിരന്തരം മോണിട്ടർ ചെയ്യാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൊയ്ത്തിന് തൊഴിലാളി ദൗർലഭ്യം അനുഭവപ്പെടുന്ന സാഹചര്യത്തിൽ നെൽകർഷകരെ സഹായിക്കാൻ താല്പര്യമുള്ള സഹകരണ സംഘങ്ങൾക്ക് കൊയ്ത്ത് മെതിയന്ത്രം വാങ്ങുന്നതിനും വാങ്ങുന്ന യന്ത്രത്തിന്റെ വിലയുടെ 20% വരെ പരമാവധി 4 ലക്ഷം രൂപ ഇൻസെന്റീവ് നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

| | |
|---|---|
| (സി) സംസ്ഥാനത്തെ സമഗ്ര കാർഷിക വികസനത്തിനും വളർച്ചയ്ക്കും സഹായകരമായ സാങ്കതിക-വിദഗ്ദ്ധ ഉപദേശങ്ങൾ നൽകാൻ സാധിക്കുന്ന തരത്തിൽ കാർഷിക-ഗവേഷണ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിനും മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിനും ആവശ്യമായ നടപടികൾ പരിഗണിക്കുമോ; | (സി) കേരള കാർഷിക സർവ്വകലാശാലകളിലും സി.പി.സി.ആർ.ഐ, സി.റ്റി.സി.ആർ.ഐ, സ്പൈസസ് ബോർഡ്, കാർഡമം ബോർഡ്, സെൻട്രൽ ഐ.പി.എം.സെന്റർ എന്നിവിടങ്ങളിലാണ് കാർഷിക ഗവേഷണങ്ങൾ നടത്തി വരുന്നത്.<br><br>സംസ്ഥാനത്തെ സമഗ്ര കാർഷിക വികസനത്തിനും വളർച്ചയ്ക്കും സഹായകരമായ സാങ്കതിക- വിദഗ്ദ്ധ ഉപദേശങ്ങൾ കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഗവേഷണ കേന്ദ്രങ്ങളും കൃഷി വിജ്ഞാനകേന്ദ്രങ്ങളും മുഖേന നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കുട്ടനാടൻ പ്രദേശത്ത് യഥാസമയം കൊയ്ത്തു നടക്കാതെ വരുന്നതു മൂലം കർഷകർക്ക് നഷ്ടം ഉണ്ടാകുന്ന സാഹചര്യം തരണം ചെയ്യുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ഡി) | കുട്ടനാടൻ പ്രദേശത്ത് ഈ വിളക്കാലത്ത് 9206 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തിരുന്നു. കൃഷിയുടെ കൊയ്ത്ത് ആരംഭിച്ചിട്ടുണ്ട്. ആവശ്യത്തിനുള്ള കൊയ്ത്ത് മെതിയന്ത്രങ്ങളും തൊഴിലാളികളും ഈ വർഷം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>2011 ലെ വേനൽമഴക്കാലത്ത് അതായത് 2010 പുഞ്ചക്കൃഷിയുടെ വിളവെടുപ്പ് കാലത്ത് വരൾച്ച മൂലമുള്ള പ്രകൃതിക്ഷോഭം മുഖാന്തിരം 3517 ഹെക്ടർ പ്രദേശത്ത് നെൽകൃഷി നാശം സംഭവിച്ചു. ദുരിതാശ്വാസ സഹായമായി പകരം കൃഷിയിറക്കുന്നതിന് 211.5 ടൺ നെൽവിത്തും 183.38 ലക്ഷം രൂപയും ക്രൈസിസ് മാനേജ്മെന്റ് ഫണ്ടിൽ നിന്നും ലഭ്യമാക്കി.<br>2011-12 വർഷം 2800 ഹെക്ടർ പ്രദേശത്ത് പുഞ്ചക്കൃഷി ഇറക്കുന്നതിന് ഉദ്ദേശിക്കുന്നു. പുഞ്ചക്കൃഷിക്കു വേണ്ട എല്ലാ യന്ത്ര സാമഗ്രികളും യഥാസമയത്ത് കർഷകർക്ക് എത്തിക്കാനുള്ള പ്രാരംഭ ചർച്ചകളും ഇതിനകം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ